# മാതാപിതാക്കളോടുള്ള കടമ

സൺഡേ ശാലോമിലെ "**കണ്ണീർ വീഴുന്ന അൾത്താരകൾ**" എന്ന എഡിറ്റോറിയൽ (ആഗസ്റ്റ് 10,2014) വായിച്ചപ്പോഴാണ് ഈ വാക്കുകൾ കുറിക്കാൻ തോന്നിയത്. എഡിറ്റോറിയൽ നന്നായിരിക്കുന്നു. ഇന്നത്തെ യുവതലമുറക്കാരിൽ ചിലരെങ്കിലും സൗകര്യപൂർവം മറന്നുപോകുന്ന ഒരു സുപ്രധാനസംഗതി ധൈര്യപൂർവം ചൂണ്ടിക്കാണിച്ചത് അവസരോചിതമാണ്.

സൗകര്യമുള്ള ഒരു കുടുംബത്തിലെ, പഠിച്ചുകൊണ്ടിരുന്ന പെൺകുട്ടി ഞായറാഴ്ച രാവിലെ കുമ്പസാരിച്ച് കുർബാന സ്വീകരിച്ചശേഷം, വൈകിട്ട് മറ്റൊരു മതത്തിൽ പെട്ട ആളുടെ കൂടെ ഈയടുത്തിട ഇറങ്ങിപ്പോയി. മാതാപിതാക്കളുടെ അനുഗ്രഹത്തോടുകൂടെ കുടുംബജീവിതം തുടങ്ങാനും അനുരഞ്ജനപ്പെട്ട് പോകാനും ചെയ്ത പരിശ്രമങ്ങളൊക്കെ പരാജയപ്പെട്ടപ്പോൾ, മാതാപിതാക്കൾ പിൻവാങ്ങി കണ്ണുനീരോടുകൂടെ അവളെ കാത്തിരിക്കുന്നു.

നമ്മുടെ സൺഡേസ്ക്കൂൾ മതപഠനക്ലാസുകളിൽ ബൗദ്ധികജ്ഞാനം കൈമാറിയാൽ മാത്രം പോരാ, ഉറച്ച ബോധ്യങ്ങൾ ഉണ്ടാക്കാനും ശ്രമിക്കണം. ഞാൻ യൂറോപ്യൻ രാജ്യങ്ങളിൽ കണ്ട ഒരു കാര്യം സൂചിപ്പിക്കട്ടെ. തുർക്കികൾ ധാരാളമായി ജർമനിയിലും മറ്റ് യൂറോപ്യൻ രാജ്യങ്ങളിലും കുടിയേറിയിട്ടുണ്ട്. അവരിൽ പല യുവതികളെയും അവിടെയുള്ള ചില യൂറോപ്യൻ ചെറുപ്പക്കാർ വിവാഹം കഴിച്ച് കുടുംബമായി ജീവിക്കുന്നു. എന്നാൽ അവരുടെ ഭാര്യമാരായ തുർക്കിമുസ്ലീം സ്ത്രീകളിൽ ഒരാൾപോലും ക്രിസ്തുമതം സ്വീകരിച്ചതായി ഞാൻ കണ്ടിട്ടില്ല. നമ്മുടെ നാട്ടിൽ വളരെ "ഭക്തിയോടെ" സഭാകാര്യങ്ങളിൽ പങ്കെടുക്കുകയും പള്ളികളിലെ പരിപാടികളിൽ "സജീവമായി" ഇടപെടുകയും ചെയ്യുന്ന പെൺകുട്ടികളിൽ ചിലർ ഒറ്റ നിമിഷം കൊണ്ട് അന്നുവരെയുള്ള വിശ്വാസം വെടിഞ്ഞ് കർത്താവായ യേശുക്രിസ്തുവിനെ ഉപേക്ഷിക്കുന്നു. അപ്പോൾ, അവർ പഠിച്ച മതസംഗതികളും അനുഷ്ഠിച്ച ആരാധനകളും അവരിൽ ഉപരിപ്ലവസ്വാധീനമേ ചെലുത്തിയുള്ളു എന്ന് കരുതരുതോ? അതുകൊണ്ട്, ഉറച്ച ബോധ്യം ഉള്ളവരായി കുഞ്ഞുങ്ങളെ വളർത്താൻ മാതാപിതാക്കളും മതാധ്യാപകരും വളരെ ശ്രദ്ധിക്കേണ്ടതാണ്. ഏതു സാഹചര്യത്തിൽ ചെന്നുപെട്ടാലും, ലഭിച്ച ദൈവദാനമായ വിശ്വാസം ഉപേക്ഷിക്കയില്ലെന്ന് ഉറച്ച ബോധ്യമുള്ള തലമുറയെ നാം രൂപീകരിക്കേണ്ടതുണ്ട്. കടുത്ത വെല്ലുവിളികളും വശീകരണങ്ങളും വഞ്ചനകളും ചതിക്കുഴികളും പ്രലോഭനങ്ങളുമാണ് നമ്മുടെ കുട്ടികൾ നേരിട്ടുകൊണ്ടിരിക്കുന്നത് എന്ന കാര്യം നാം വിസ്മരിച്ചുകൂടാ.

മറ്റൊരു കുട്ടിയുടെ കഥ: പഠിച്ചുകൊണ്ടിരുന്ന കുട്ടി, സാമാന്യം സൗകര്യമുള്ള കുടുംബത്തിലെ കുട്ടി, ഒരു ദിവസം മറ്റൊരു മതവിശ്വാസിയുടെ കൂടെ പോയി അയാളുടെ ആചാരപ്രകാരം വിവാഹിതയായി. വിവാഹം റജിസ്റ്റർ ചെയ്തിട്ട് മാതാപിതാക്കളുടെ വീട്ടിൽ നിന്ന് ഇറങ്ങിപ്പോയി. കേസായി, കോടതിയായി. മാതാപിതാക്കൾ അക്ഷരാർഥത്തിൽ മുട്ടുകുത്തി അവളുടെ കാലിൽ കെട്ടിപ്പിടിച്ച് കരഞ്ഞു പറഞ്ഞു: " നിങ്ങൾ രണ്ടുപേരെയും ഞങ്ങൾ സ്വീകരിക്കാം. ഞങ്ങളുടെ കൂടെ വരിക. ഞങ്ങളുടെ അനുഗ്രഹത്തോടുകൂടെ നിങ്ങൾ ജീവിക്കുക. എല്ലാ സൗകര്യങ്ങളും ഉണ്ടാക്കിത്തരാം." അവൾ അവരെ തട്ടി മാറ്റിയിട്ട് ആ യുവാവിന്റെ കൂടെപ്പോയി. അതു കണ്ടുനിന്ന പോലീസുകാർ പോലും കരഞ്ഞുപോയി.– ആ മാതാപിതാക്കളുടെ കണ്ണുനീർ എന്നു നിലയ്ക്കും? അവരുടെ അനുഗ്രഹം അവൾക്ക് എന്നു കിട്ടും

കുറേ വർഷങ്ങൾക്ക് മുമ്പ് ഭേദപ്പെട്ട ഒരു കുടുംബത്തിന്റെ മുൻപിൽ ഒരു കാർ വന്നുനിന്നു. വീട്ടിലെ പെൺകുട്ടി അമ്മയോട് "ഹായ് " എന്നു പറഞ്ഞ് ഇറങ്ങി കാറിൽ കയറിപ്പോയി. മാതാപിതാക്കൾ തിരക്കിയപ്പോൾ അവൾ മറ്റൊരിടത്ത് ഒരാളുടെ കൂടെ പാർക്കുന്നു എന്നറിഞ്ഞു. അനുരഞ്ജനശ്രമങ്ങൾ പരാജയപ്പെട്ടപ്പോൾ മാതാപിതാക്കൾ പിന്മാറി. അവൾ തിരിച്ചു വരാനോ രമ്യതയിലാകാനോ കൂട്ടാക്കിയില്ല. വർഷങ്ങൾ കടന്നുപോയപ്പോൾ ഒരു ദിവസം ഒരു കാർ മേൽപ്പറഞ്ഞ വീടിന്റെ മുമ്പിൽ വന്നുനിന്നു. അതിൽ നിന്ന് ഒരു സ്ത്രീയും രണ്ടുമൂന്ന് കുഞ്ഞുങ്ങളും ഇറങ്ങി. കാർ ഉടനെ തിരികെപ്പോയി. അക്കാലമായപ്പോഴേക്കും മാതാപിതാക്കൾ വസ്തുവകകൾ മറ്റു മക്കൾക്ക് നൽകിക്കഴിഞ്ഞു. അനുകമ്പ തോന്നിയ ഏതോ ബന്ധു അൽപം സ്ഥലം കൊടുത്ത് ഒരു കൊച്ചുകൂര വച്ചുകൊടുത്തു. കൊടിയ വിഷമത്തിലും അരിഷ്ടതയിലും അവളും മക്കളും അവിടെ ജീവിച്ചു.

അനന്തര ഫലങ്ങളെ പറ്റിയും ഭാവിഭവിഷ്യത്തുകളെ പറ്റിയും ചിന്തിക്കാതെ, എടുത്തുചാടി പോകുന്നതിനെപ്പറ്റി പെൺകുട്ടികൾ ചിന്തിക്കുന്നത് നല്ലതാണ്. ഇന്നത്തെ മാധ്യമങ്ങളിൽ വരുന്ന പല പ്രോഗ്രാമുകളും കൗമാരക്കാരെയും യുവാക്കളെയും വഴിതെറ്റിച്ച് മൂല്യത്തകർച്ചയിലേക്ക് നയിക്കുന്നവയാണ്. വളരെ കരുതൽ ഉള്ളവർ അല്ലെങ്കിൽ കുഴിയിൽ വീഴാനും വഞ്ചിക്കപ്പെടാനും വളരെ സാധ്യതകളുണ്ട് എന്നത് വിസ്മരിച്ചുകൂടാ. "എന്റെ മാതാപിതാക്കളുടെ കണ്ണു നീറയാൻ ഞാൻ ഇടയാക്കിയില്ല. അവരുടെ അനുഗ്രഹം എന്റെ കുടുംബത്തിന് ഐശ്വര്യം കൊണ്ടുവരും."

ഫാദർ ഗീവർഗീസ് ചേടിയത്ത്